LIBRARY ARCHIVES Kerala Legislative Assembly

National Hydrology Project III-ാം ഘട്ടത്തിന്റെ ഭാഗമായി Water Resource Information System (WRIS) രൂപീകരിക്കുന്നതിനായി കേരളത്തിലെ എല്ലാ നദീതടങ്ങളിലും Real Time Data Acquisition System (RTDAS) സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മണ്ഡലത്തിലെ പമ്പാ നദീതടത്തിൽ പുന്നമടയിൽ Radar Level Sensor സ്ഥാപിക്കുകയും ഇതിൽ നിന്നുമുള്ള Trial Data ശേഖരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഭൂജല വകുപ്പുമായി ബന്ധപ്പെട്ട് ആലപ്പുഴ മണ്ഡലത്തിലെ ആര്യാട് പഞ്ചായത്തിലെ ലൂമിനസ് വാർഡിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്ത് 17 ലക്ഷം രൂപ പ്രസ്തുതവകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

മോര്യകാപ്പ് ജലസേചന പദ്ധതി

159 (465) ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട മോര്യകാപ്പ് ജലസേചന പദ്ധതിയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

25-3-2019-ലെ സ.ഉ.(സാധാ) നമ്പർ 212/2019 ജ.വി.വ. പ്രകാരം തിരുരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട മോര്യകാപ്പ് ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ (ഐ&എ) യിൽ നിന്ന് ലഭ്യമായ Improvements of Moryakapp (Farmer's Natural Water Source) at Nannambra Panchayath in Malappuram District - Phase 1 എന്ന പേരിലുള്ള പ്രവൃത്തിയുടെ 6.10 കോടി രൂപയ്ക്കുള്ള പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

ലിഫ്റ്റ് ഇറിഗേഷൻ സ്കീം

160 (466) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിൽ തിരുവനന്തപുരം ജില്ല ഒഴികെ മറ്റ് 13

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നിലവിലുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ചീഫ് എഞ്ചിനീയർ പ്രോജക്ട് -2 ന്റെ കാര്യാലയത്തിന് കീഴിൽ പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിന് കീഴിൽ 3 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിനു കീഴിൽ 2 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും പ്രവർത്തിക്കുന്നുണ്ട്. ചീഫ് എഞ്ചിനീയർ പ്രോജക്ട്-1 ന്റെ കാര്യാലയത്തിനു കീഴിൽ മലമ്പുഴ പദ്ധതിയിൽ ഉൾപ്പെടുന്ന തസ്രാക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും, ചിറ്റൂർ ഡിവിഷനുകീഴിൽ ഉൾപ്പെടുന്ന മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമാണുള്ളത്. അവയുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്. കൃഷിക്കാരുമായി ചർച്ച ചെയ്തുകൊണ്ട് സമയാസമയങ്ങളിൽ ജലവിതരണം നടത്തുന്നുണ്ട്.

(ബി) ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനങ്ങളുടെ നിലവിൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ ഫണ്ട് ലഭ്യത അനുസരിച്ച് അറ്റകുറ്റ പണികൾ നടത്തിയും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികളും നവീകരണ പ്രവൃത്തികളും നടത്തിയും എല്ലാ കനാലുകളിലൂടെയും വെള്ളം പാടശേഖരങ്ങളിൽ എത്തിക്കുന്നുണ്ട്. കൂടാതെ പ്രളയക്കെടുതി മൂലമുണ്ടായ കനാലുകളുടെയും പമ്പുഹൗസുകളുടെയും കേടുപാടുകൾ എസ്.ഡി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുണ്ട്. തസ്രാക്ക് ലിഫ്റ്റ് ഇറിഗേഷൻ സ്കീം കെ.എസ്.ഇ.ബി.-യുടെ High Tension വിഭാഗത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതി സീസണൽ ആയതിനാൽ Low Tension സ്കീമിലേക്ക് മാറ്റുന്നതിനായി കരാർ ഉടമ്പടി വെച്ചിട്ടുണ്ട്. ആയത് ഉടൻ പൂർത്തീകരിക്കുന്നതാണ്.

(സി) ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക പൂർണമായും ഒടുക്കുന്നതിന് വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2021-2022 വർഷം 7 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുത ചാർജ്ജ് കുടിശ്ശിക മാർച്ച് മാസം 2021-വരെ ഒടുക്കിയിട്ടുള്ളതും തുടർമാസങ്ങളിലേക്കുള്ള വൈദ്യുത ചാർജ്ജിനുള്ള ഫണ്ടിനായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കുന്നതുമാണ്. ഇടുക്കി ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്കീമുകളുടെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കി വരുന്നത്. ആയതിനാൽ ഇവയുടെ വൈദ്യുത ചാർജ്ജ് കുടിശ്ശിക ഒടുക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. ചീഫ് എഞ്ചിനീയർ പ്രോജക്ട് -2 ന്റെ കാര്യാലയത്തിന് കീഴിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതി ബിൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിച്ച് ഇലക്ട്രിസിറ്റി ബോർഡിൽ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചീഫ് എഞ്ചിനീയർ പ്രോജക്ട് -1-ന്റെ കാര്യാലയത്തിന് കീഴിൽ തസ്രാക്ക്, മീനാക്ഷിപുരം എന്നീ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതി ചാർജ്ജിനത്തിന് ആവശ്യമായ തുകയുടെ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾ

161 (467) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾക്ക് കീഴിൽ 2016 ജൂൺ മുതൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) കുന്നത്തുനാട് മണ്ഡലത്തിൽ ജലസേചന വകുപ്പിന് കീഴിൽ മെക്കാനിക്കൽ വിഭാഗം മുഖേന 2016 ജൂൺ മുതൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം താഴെ വിവരിക്കുന്നു.

1. പി.വി.ഐ.പി- മഴുവന്നൂർ ബ്രാഞ്ച് കനാൽ ഷട്ടറിന്റെയും, ക്രോസ് റെഗുലേറ്റർ ഷട്ടറിന്റെയും വാർഷിക അറ്റകുറ്റപ്പണികൾ (മെക്കാനിക്കൽ പ്രവൃത്തികൾ) - (അടങ്കൽ തുക- 207157/ (രണ്ട് ലക്ഷത്തി ഏഴായിരത്തി ഒരുന്നൂറ്റി അൻപത്തി ഏഴ് രൂപ മാത്രം) 2. മഴുവന്നൂർ പഞ്ചായത്തിൽ വാർഡ് നമ്പർ 8-ൽ കുറ്റാലി പാടശേഖരത്തിലെ കൈതവേലി- മഞ്ഞനാട് തോടിനു കുറുകെ വി.സി.ബി-യുടെ നിർമ്മാണം (മെക്കാനിക്കൽ പ്രവൃത്തികൾ) (അടങ്കൽ തുക- 1341101/ (പതിമൂന്ന് ലക്ഷത്തി നാല്പത്തി ഒന്നായിരത്തി ഒരുന്നൂറ്റി ഒന്ന് രൂപ മാത്രം) 3. പി.വി. ഐ.പി- കിഴക്കമ്പലം ബ്രാഞ്ച് കനാലിലെ (ഡബിൾ പാലം) ചെയിനേജ് 6.30 കിലോമീറ്ററിലെ 3-ക്രോസ്സ് റെഗുലേറ്റർ ഷട്ടറുകളുടെ നിർമ്മാണവും പെയിന്റിംഗും ഘടിപ്പിക്കലും (അടങ്കൽ തുക-409681/ (നാല് ലക്ഷത്തി ഒമ്പതിനായിരത്തി അറുന്നൂറ്റി എൺപത്തി ഒന്ന് രൂപ മാത്രം)